പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 286 | 28/01/2019 ൽ മറുപടി<br>നല്കേണ്ടത് |

**രോഗ നിർണ്ണയ ലാബുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. ജോയി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | രോഗ നിർണ്ണയം നടത്തുന്നതിന് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | സർക്കാർ മേഖലയിൽ 9 പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ എല്ലാ സർക്കാർ ആശുപത്രികളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും, എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.<br>സ്വകാര്യമേഖലയിലെ ലാബുകളുടെ വിവരം ശേഖരിച്ചുവരുന്നു. |
| ബി) | സ്വകാര്യ മേഖലയിൽ രോഗ നിർണ്ണയ ത്തിനായുള്ള പരിശോധനകൾ നടത്തുന്നവർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നേടിയിട്ടുള്ളവർ ആണോയെന്നത് സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അംഗീകൃത സർട്ടിഫിക്കറ്റ് ഇല്ലാത്ത എത്രപേരെ കണ്ടെ ത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) | ഇതു സംബന്ധിച്ച് പരിശോധനകൾ നിലവിൽ സർക്കാർ തലത്തിൽ ഒന്നും നടത്തിയിട്ടില്ല.കേരളത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾ ( രജിസ്ട്രേഷനും നിയന്ത്രണവും) നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടും തുടർന്നും ആവശ്യമായ പരിശോധനകൾ നടത്താൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ